**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 62** | **26/09/2016 ൽ മറുപടി നൽ കേണ്ടിയിരുന്നത്**

## ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.എം.മാണി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആകെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിച്ചുവെന്നും എത്ര രൂപ ആകെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 14 ജില്ലകളിലായി **504526** പേർക്ക് **639,04,63,319/-** രൂപ (അറുന്നൂറ്റി മുപ്പത്തൊമ്പത് കോടി നാല് ലക്ഷത്തി അറുപത്തിമൂവായിരത്തി മുന്നൂറ്റി പത്തൊമ്പത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര പേർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 14 ജില്ലകളിലായി **20815** പേർക്ക് **33,04,87,646/-** രൂപ (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തേഴായിരത്തി അറുന്നൂറ്റി നാൽപ്പത്താറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (സി) | റവന്യൂ ഉദ്യോഗസ്ഥർ വഴി നൽകുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തുകയുടെ പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികൾ ഈ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (സി) | 03/09/2016 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നം.492/16/റ.വ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തുകയുടെ പരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധനസഹായമായി ജില്ലാ കലക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പ് മന്ത്രി 25,000/- രൂപ വരെയും, മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**